"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ നിർമ്മാണത്തിലിരിക്കുന്ന റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് കെട്ടിടത്തിന്റെ പെർമിറ്റ് കാലാവധി ദീർഘിപ്പിച്ച് നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2387/2025/LSGD തീയതി, തിരുവനന്തപുരം, 29-09-2025

---

പരാമർശം:- ചീഫ് ടൗൺ പ്ലാനറുടെ 29-04-2025-ലെ LSGD/PD/5996/2025-TCPB2 നമ്പർ കത്ത്.

**ഉത്തരവ്**

തൃശ്ശൂർ കോർപ്പറേഷനിൽ നിർമ്മാണത്തിലിരിക്കുന്ന റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് കെട്ടിടത്തിന്റെ പെർമിറ്റ് കാലാവധി പുതുക്കുന്നതിനായുള്ള ശ്രീമതി. ഉഷാ മോഹൻ ആന്റ് അദേർസ് നൽകിയിരുന്ന അപേക്ഷ സംബന്ധിച്ച് പരാമർശപ്രകാരം ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2) പ്രസ്തുത കെട്ടിടം സംബന്ധിച്ച് ചുവടെപ്പറയുന്ന വിവരങ്ങൾ ചീഫ് ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിടത്തിന് 23/01/2010-ൽ PW8/519/06-07 പ്രകാരം പെർമിറ്റ് നല്കിയിട്ടുള്ളതും 2 തവണ (22.01.2019 വരെ) പുതുക്കിയിട്ടുള്ളതുമാണ്. 10 വർഷത്തിൽ കൂടുതൽ കാലയളവിലേക്ക് പെർമിറ്റ് പുതുക്കുന്നതിനായുള്ള അപേക്ഷ, പെർമിറ്റ് കാലാവധി പൂർത്തിയായി 3 വർഷത്തിനുള്ളിൽ തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 15.03.2019-ലെ കത്ത് പ്രകാരം ജില്ലാ ടൗൺ പ്ലാനർക്ക് നൽകിയിട്ടുള്ളതാണ്. 03.05.2019-ലെ കത്ത് പ്രകാരം ടി അപേക്ഷയിലെ ന്യൂനതകൾ ജില്ല ടൗൺ പ്ലാനർ കോർപ്പറേഷൻ സെക്രട്ടറിയെ അറിയിക്കുകയും തുടർന്ന് ന്യൂനതകൾ പരിഹരിച്ചു കൊണ്ടുള്ള അപേക്ഷ 29.07.2021-ന് സെക്രട്ടറി പുനഃസമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ചതിൽ KMBR 1999-ലെ ചട്ടങ്ങളുടെ ലംഘനമുള്ളതിനാൽ, ചട്ടലംഘനമുണ്ടാകാൻ ഇടയായ സാഹചര്യം വ്യക്തമാക്കുന്ന റിപ്പോർട്ട്, പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷകൻ നൽകിയ അപേക്ഷ എന്നിവ ലഭ്യമാക്കുവാൻ 18.11.2021-ലെ കത്ത് പ്രകാരം ജില്ല ടൗൺ പ്ലാനർ കോർപ്പറേഷൻ സെക്രട്ടറിയോട് ആവശ്യപ്പെടുകയുണ്ടായി. കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള അപേക്ഷയിൽ 20.11.2009-ൽ ഫയലിൽ അംഗീകാരം നൽകിയിരുന്നുവെന്നും കക്ഷി കെട്ടിടനിർമ്മാണ ഫീസ് അടവാക്കിയത് 23.01.2010-ൽ ആയതിനാൽ ടി തീയതിയിലാണ് നിർമ്മാണാനുമതി നൽകിയിട്ടുള്ളതെന്നും, 16.12.2009-ലെ G.O.(Ms.) No. 249/2009/LSGD പ്രകാരമുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഭേദഗതി കണക്കാക്കാതെ കെട്ടിട നിർമ്മാണ അനുമതി നൽകിയതിനാലാണ് ചട്ടലംഘനങ്ങൾ നിലനിൽക്കുന്നതെന്നും 21.11.2024-ലെ കത്ത് പ്രകാരം കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. 10 വർഷത്തിൽ കൂടുതലുള്ള കാലയളവിലേക്ക് പെർമിറ്റ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ ഈ ആവശ്യത്തിലേക്ക് രൂപീകരിച്ചിട്ടുള്ള

ജില്ലാതല കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത നിർമ്മാണം അംഗീകൃത പ്ലാനിന് അനുസൃതമാണെന്ന് വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

3) സർക്കാരിൽ നിന്ന് നൽകിയിട്ടുള്ള സ്പഷ്ടീകരണം അനുസരിച്ച് date of sanction-ൽ നിലവിലുള്ള ചട്ടങ്ങളാണ് ബാധകമാകുന്നത് എന്നതിനാൽ 20.11.2009-ൽ ഫയലിൽ അംഗീകാരം നൽകിയിരുന്ന സാഹചര്യത്തിൽ, കക്ഷി കെട്ടിട നിർമ്മാണ ഫീസ് അടവാക്കിയത് 23.01.2010-ൽ ആണെങ്കിലും, ടി സമയത്തിനുള്ളിൽ, 16.12.2009-ന് ഉണ്ടായ ചട്ടഭേദഗതി ബാധകമാകുന്നില്ലെന്നു കാണുന്നുവെന്നും പെർമിറ്റ് കാലാവധി പൂർത്തിയായി 3 വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും അപേക്ഷയിന്മേൽ ജില്ലാ ടൗൺ പ്ലാനർ ആവശ്യപ്പെട്ട വിശദീകരണം ലഭ്യമാക്കുന്നതിലുണ്ടായ കാലതാമസം മൂലം നിലവിൽ പെർമിറ്റ് കാലാവധി അവസാനിച്ച് 6 വർഷം പൂർത്തിയായിട്ടുണ്ടെന്നും മേൽ സാഹചര്യങ്ങൾ പരിഗണിച്ച് ടി അപേക്ഷയ്ക്ക് ഒറ്റത്തവണയായി കാലാവധി നീട്ടി നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്നും ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്. നിലവിൽ ടി സ്ഥലത്ത് BF+GF+13+Terrace നിലകളിലായുള്ള റസിഡൻഷ്യൽ അപ്പാർട്ട്മെന്റ് കെട്ടിടത്തിന്റെ structural work 80% പൂർത്തീകരിച്ചിട്ടുള്ളതായി ജില്ല ടൗൺ പ്ലാനർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലും പരാമർശിത കെട്ടിടത്തിന്റെ 80% പണിയും പൂർത്തിയായിട്ടുള്ള സാഹചര്യത്തിലും പെർമിറ്റ് കാലാവധി മൂന്ന് വർഷത്തേക്ക് നിജപ്പെടുത്തിക്കൊണ്ട് ഒറ്റത്തവണത്തേക്ക് ദീർഘിപ്പിച്ചു നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYANTHI B S

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, തൃശ്ശൂർ കോർപ്പറേഷൻ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ ഓഫീസർ ( വെബ് & ന്യൂ മീഡിയ), ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Rajesh N

സെക്ഷൻ ഓഫീസർ

Date: 04-10-2025 11:21:55